*User manual AIMS 1.0*

# പി എം കിസാൻ കൃഷി ഭൂമിയുടെ വെരിഫിക്കേഷൻ

## AIMS പോർട്ടൽ വഴി




*തയ്യാറാക്കിയത്*

**ഐ ടി ഡിവിഷൻ**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

1. ദയവായി താങ്കളുടെ ആധാർ നമ്പർ ശ്രദ്ധാപൂർവ്വം നൽകുക




2. ഇപ്പോൾ താങ്കളുടെ രജിസ്ട്രേഷൻ നമ്പർ കാണാൻ സാധിക്കും, താങ്കളുടെ ഫോൺ നമ്പർ രേഖപ്പെടുത്തിയിരുക്കുന്നത് ശരിയാണെങ്കിൽ Send OTP ബട്ടൺ അമർത്തുക. അഥവാ തെറ്റാണെങ്കിൽ “ഇവിടെ ക്ലിക്ക് ചെയ്യുക” എന്ന ലിങ്കിൽ അമർത്തുക.

***(Send OTP ബട്ടൺ അമർത്തിയ ശേഷം അടുത്ത നടപടി അറിയാൻ ഇവിടെ ക്ലിക്ക് ചെയ്യൂ)***






3. PMKISAN അല്ലെങ്കിൽ AIMS പോർട്ടലിൽ നൽകിയിട്ടുള്ള താങ്കളുടെ ബാങ്ക് അക്കൗണ്ട് നമ്പർ നൽകുക. ശേഷം Captcha കൊടുത്ത് സബ്മിറ്റ് അമർത്തുക.

***(PMKISAN/AIMS ഇൽ നൽകിയിട്ടുള്ള ബാങ്ക് അക്കൗണ്ട് നമ്പർ അറിയില്ല എങ്കിൽ ഫോൺ നമ്പർ തിരുത്തുന്നതിനായി കൃഷിഭവനിൽ ബന്ധപ്പെടേണ്ടതാണ്.)***




4. ബാങ്ക് അക്കൗണ്ട് നമ്പർ ശരിയായി നൽകിയ ശേഷം താങ്കളുടെ ഫോൺ നമ്പർ, താങ്കൾ login ചെയ്യുന്നതിന് വേണ്ടി നൽകാൻ ഉദ്ദേശിക്കുന്ന പാസ്സ്‌വേർഡ് എന്നിവ നൽകി സബ്മിറ്റ് ബട്ടൺ അമർത്തുക.

5. തുടർന്ന് താങ്കൾ *ഇപ്പോൾ നൽകിയ അല്ലെങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള* ഫോൺ നമ്പരിൽ ലഭിച്ച OTP സന്ദേശം എന്റർ ചെയ്യുക.




6. ഇപ്പോൾ താങ്കൾ AIMS പോർട്ടലിനു ഉള്ളിലേക്ക് login ആവുന്നതാണ്. താങ്കളുടെ ഡാഷ്ബോർഡ് ഇത്തരത്തിൽ കാണുവാൻ സാധിക്കും. തുടർന്ന് ഡാഷ് ബോർഡിൻറെ വലതുവശത്തായി നൽകിയിട്ടുള്ള *"പി എം കിസാൻ കൃഷിഭൂമിയുടെ വെരിഫിക്കേഷൻ"* എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.






7. ഇപ്പോൾ കാണുന്ന പേജിൽ നൽകിയിട്ടുള്ള നിർദേശം ശ്രദ്ധിക്കുക. താങ്കൾ സ്ഥലവിവരങ്ങൾ മുൻപ് ചേർത്തിട്ടുണ്ടെങ്കിൽ മുന്നോട്ട് പോകുക. ഇല്ലെങ്കിൽ " Add New Land" ബട്ടൺ ഉപയോഗിച്ച് സ്ഥല വിവരങ്ങൾ ചേർക്കുക.




8. തുടർന്ന് സ്ഥല വിവരങ്ങൾ ചേർക്കേണ്ട പേജ് ലഭിക്കും. സ്വന്തം കൈവശഭൂമിയുടെ വിവരങ്ങൾ മാത്രം ചേർക്കുക. അതിനുശേഷം "PMKISAN Land Verification" എന്ന ബട്ടണിൽ അമർത്തുക.

*(സ്ഥല വിവരങ്ങൾ എങ്ങനെയാണ് ചേർക്കേണ്ടത് എന്നറിയുന്നതിനു ഇവിടെ ക്ലിക്ക് ചെയ്യുക.)*




9. തുടർന്ന് വീണ്ടും ഈ പേജ് കാണാവുന്നതാണ്. ഇവിടെ താങ്കളുടെ ആധാർ നമ്പർ നൽകി "Search" ബട്ടൺ അമർത്തുക.




10. താങ്കളുടെ വിവരങ്ങൾ PMKISAN ഡാറ്റാബേസിൽ ലഭ്യമാണെങ്കിൽ മുകളിൽ കാണുന്ന മാതൃകയിൽ പി എം കിസാനിൽ രെജിസ്റ്റർ ചെയ്തിട്ടുള്ള താങ്കളുടെ പേര് കാണാൻ സാധിക്കുന്നതാണ്.




താങ്കളുടെ വിവരങ്ങൾ PMKISAN ഡാറ്റാബേസിൽ ലഭ്യമല്ലെങ്കിലോ അല്ലെങ്കിൽ താങ്കൾ നൽകിയ ആധാർ നമ്പർ തെറ്റ് ആണെങ്കിലോ അല്ലെങ്കിൽ താങ്കൾ ഏറ്റവും അടുത്ത ദിവസങ്ങളിൽ മാത്രം പി എം കിസാനിൽ രെജിസ്റ്റർ ചെയ്ത ആളാണെങ്കിലോ മുകളിൽ കാണുന്ന മാതൃകയിൽ ഒരു സന്ദേശം കാണാൻ സാധിക്കുന്നതാണ്.

11. താങ്കൾ പ്രൊഫൈലിൽ നേരത്തെ ചേർത്തിട്ടുള്ള സ്ഥലത്തിന്റെ വിവരങ്ങൾ ഇവിടെ സെലക്ട് ചെയ്യാൻ സാധിക്കുന്നതാണ്. ഇതിൽ ഒരു സ്ഥലം തിരഞ്ഞെടുക്കുക.






12. തുടർന്ന് താങ്കൾ തിരഞ്ഞെടുത്ത സ്ഥലത്തിന്റെ വിവരങ്ങൾ കാണാൻ സാധിക്കുന്നതാണ്. ഈ വിവരങ്ങൾ റവന്യൂ വിവരങ്ങളുമായി ഒത്തു നോക്കുന്നതിലേക്കായി "*Verify in Revenue Land Records*" എന്ന ബട്ടൺ അമർത്തുക.




13. തുടർന്ന് ഇത്തരത്തിൽ ഒരു സന്ദേശം ലഭിക്കുകയാണെങ്കിൽ അതെ ബട്ടൺ അമർത്തി വീണ്ടും ശ്രമിക്കുക.




താങ്കൾ നൽകിയ സ്ഥലവിവരങ്ങൾ തെറ്റാണെങ്കിലോ അല്ലെങ്കിൽ നൽകിയ സ്ഥലവിവരങ്ങൾ റവന്യൂ ഡാറ്റാബേസിൽ ലഭ്യമല്ലെങ്കിലോ ഇത്തരത്തിൽ ഒരു സന്ദേശം ലഭിച്ചേക്കാം.

14. താങ്കൾ നൽകിയ വിവരങ്ങൾ ശരിയാണെങ്കിൽ റവന്യൂ ഡാറ്റാബേസിലെ വിവരങ്ങൾ ഇത്തരത്തിൽ കാണാൻ സാധിക്കുന്നതാണ്. ഇവ ശരിയാണ് എന്ന് പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം "Submit" ബട്ടൺ അമർത്തുക.

താങ്കൾ ചേർത്തിട്ടുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണവും റവന്യൂ വിവരനഗളിലെ വിസ്തീർണ്ണവും ഒരു പോലെയാണോ എന്ന് ഒത്തു നോക്കേണ്ടതാണ്.

1 ആർ = 2.47 സെന്റ്
1 Sqm = 0.025 സെന്റ്
40 sqm = 1 സെന്റ്
1 ഹെ = 250 സെന്റ്
0.1 ഹെ = 25 സെന്റ്
1 ഏക്കർ = 100 സെന്റ്

## Land Details

| | | | |
|---|---|---|---|
| Survey/Sub Division No | [redacted] | Thandapare No /Land Type | [redacted] |
| Village | : KALLIYOOR | Village Block No | : 027 |
| Krishi Bhavan | : KALLIYOOR KRISHI BHAVAN | Land Area | : 29.78(Cent) / 0.1205 (Ha) |

### Revenue Land Records - Thandapare Details

| SI.No | Name | Relation | Relative Name | Address |
|---|---|---|---|---|
| 1 | [redacted] | മകൻ | [redacted] | [redacted] |

### Land Details

| | | | | | |
|---|---|---|---|---|---|
| Survey/Sub Division No | : | [redacted] | Land Area | : | 12 (are) & 5 (sqm) **Total - 29.776 Cent** |
| Tax Receipt No | : | [redacted] | Tax Amount | : | 145 |
| Tax Fin Year | : | 2021-2022 | Tax Paid Date | : | 12-05-2021 |
| Tax Paid By | : | [redacted] | TP NO | : | [redacted] |

Verify in Revenue Land Records

Submit




15. ഇപ്പോൾ താങ്കളുടെ അപേക്ഷ സമർപ്പിക്കപ്പെട്ട കഴിഞ്ഞു. താങ്കൾക്ക് ഇത്തരത്തിൽ ഒരു സന്ദേശം ലഭിക്കുന്നതാണ്.




16. താങ്കൾ സമർപ്പിച്ച അപേക്ഷയുടെ വിവരങ്ങൾ ഇത്തരത്തിൽ കാണാൻ സാധിക്കുന്നതാണ്.

താങ്കളുടെ എല്ലാ സ്ഥലത്തിന്റെ വിവരങ്ങളും ഇത്തരത്തിൽ സമർപ്പിക്കാവുന്നതാണ്. കുറഞ്ഞത് ഒരു സ്ഥലവിവരം എങ്കിലും നിർബന്ധമായും വെരിഫിക്കേഷന് സമർപ്പിക്കേണ്ടതാണ്. ഇത് ഒരു ഒറ്റ തവണ പ്രക്രിയ ആണ്. ഇത്തരത്തിൽ സ്ഥലവിവരങ്ങൾ ശരിയായി ചേർത്തവർ പിന്നീട് ഒരിക്കലും AIMS പോർട്ടലിൽ ആ സ്ഥലവിവരങ്ങൾ വീണ്ടും ചേർക്കേണ്ടതില്ല.

# AIMS പോർട്ടലുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് സ്റ്റേറ്റ് ഹെല്പ് ഡെസ്കിൽ ബന്ധപ്പെടുക.



**Ph No : 0471 – 2968122, 0471- 2303990, 0471 – 2309122**

**Email : aimsagrikerala@gmail.com**

ഐ ടി ഡിവിഷൻ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്